**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2601** **23-02-2026 - ൽ മറുപടിയ്ക്ക്**

**കേരള ഹൈഡൽ ടൂറിസം സെന്റർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കേരള ഹൈഡൽ ടൂറിസം സെന്റർ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ നടത്തിയ ഏതെങ്കിലും ടെൻഡറുകൾ സംബന്ധിച്ച് കെ.എസ്.ഇ.ബി.എൽ. വിജിലൻസ് വിഭാഗം പരിശോധന നടത്തിയിരുന്നോ; എങ്കിൽ പരിശോധനയുടെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; ഇതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച തുടർനടപടികൾ എന്തെല്ലാം; | (എ) | നടത്തിയിരുന്നു. മൂന്നാർ, വയനാട് ഹൈഡൽ ടൂറിസം സെന്ററുകളിൽ വാട്ടർ സ്പോർട്സ് ആക്ടിവിറ്റികൾ നടത്തുന്നതിന് ടെൻഡർ വിളിച്ചതിൽ അപാകതകൾ ചൂണ്ടിക്കാട്ടി തിരുവനന്തപുരം വട്ടപ്പാറ സ്വദേശി ശ്രീ. അനിൽകുമാർ നൽകിയ പരാതിയിന്മേലും, മൂന്നാർ സെന്ററിൽ മാട്ടുപെട്ടിയിൽ പാസ്സഞ്ചർ ബോട്ടിന്റെ ടെൻഡർ നടപടികളിൽ അപാകതയുണ്ടെന്ന് ചൂണ്ടിക്കാട്ടി ബ്രയാൻ എൻജിനിയറിങ് സർവീസ് ഉടമ ശ്രീ. വിനോദ് നൽകിയ പരാതിയിന്മേലും കെ.എസ്.ഇ.ബി. ലിമിറ്റഡ് വിജിലൻസ് വിഭാഗം പരിശോധന നടത്തിയിരുന്നു. മാട്ടുപെട്ടിയിൽ പാസ്സഞ്ചർ ബോട്ടുമായി ബന്ധപ്പെട്ട നടത്തിയ വിജിലൻസ് അന്വേഷണ റിപ്പോർട്ട് മാത്രമേ ലഭിച്ചിട്ടുള്ളൂ (പകർപ്പ് അനുബന്ധമായി ചേർക്കുന്നു) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട് (പകർപ്പ് അനുബന്ധമായി ചേർക്കുന്നു). |
| (ബി) | കേരള ഹൈഡൽ ടൂറിസം സെന്റർ കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ നിയമിച്ച ടെക്നോളജി പാർട്ട്നർ, ടെക്നിക്കൽ കൺസൽട്ടൻസികൾ എന്നിവരുടെ വിശദാംശം ലഭ്യമാക്കാമോ; ഇവർക്ക് ഇതുവരെ അനുവദിച്ച തുക സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; ഇവരെ നിയോഗിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | കേരള ഹൈഡൽ ടൂറിസം സെന്റർ കഴിഞ്ഞ നാല് വർഷ കാലയളവിനുള്ളിൽ യാതൊരുവിധ കൺസൽട്ടൻസി നിയമനങ്ങളും നടത്തിയിട്ടില്ല |
| (സി) | ഏണസ്റ്റ് & യംഗ് (ഇ.വൈ.) എന്ന ഏജൻസി മുഖേന ഹൈഡൽ ടൂറിസം സെന്റർ ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഇതുവരെ ഈ ഇനത്തിൽ എത്ര രൂപ ചെലവഴിച്ചു; ഈ ഏജൻസിയെ നിയമിച്ച ഫയലുകളുടെ പകർപ്പ് ലഭ്യമാക്കാമോ; ഇതിന് ഗവേണിംഗ് ബോഡിയുടെ അംഗീകാരം നല്കിയിട്ടുണ്ടെങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) | ഏണസ്റ്റ് & യെങ് (ഇ.വൈ) എന്ന ഏജൻസി മുഖേന കേരള ഹൈഡൽ ടൂറിസത്തിൽ ഒരു നിയമനവും നടത്തിയിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | കേരള ഹൈഡൽ ടൂറിസം സെന്റർ വിവരാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | ബഹു സുപ്രീം കോടതി വിധി, സിവിൽ അപ്പീൽ നമ്പർ 9017/2013(In SLP(C)No24290 of 2012) dt 07-10-2013 പ്രകാരം വിവരാവകാശ പരിധിയിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്. ഇക്കാര്യം ബഹു ചീഫ് ഇൻഫർമേഷൻ ഓഫീസറുടെ CP 304(1) 2017/SIC in (File No 3480/SIC G 4/2017) വിധിയിലും, ഹർജി നമ്പർ CP 757(4)2017/SIC in (File No. 10592/SIC Gen 2/2017) പോലുള്ള നിരവധി വിധിന്യായങ്ങളിൽ കൂടി ഉറപ്പാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

KHTC HQ, Tvpm
Inward No. 1867
Date 09/12/24
Issued to TA2

KSEB

**KERALA STATE ELECTRICITY BOARD LTD**

(Incorporated under the Companies Act, 1956

Registered Office :Vydyuthi Bhavanam, Pattom,Tvp m, Kerala – 04,

Web: www.kseb.in CIN : U40100KL2011SGC027424

Office of the Chief Vigilance Officer, Vydyuthi Bhavanam, Pattom, Thiruvananthapuram -4.

Phone No.0471 -2444554, FAX No.0471- 2554414

e-mail: vigilance.kseb@gmail.com

No:VIG/A2/100-310/2024/A/A1 Date:07/12/2024.

**NOTE TO THE DIRECTOR, KERALA HYDEL TOURISM CENTRE, VYDYUTHI BHAVANAM, THIRUVANANTHAPURAM.**

Sub:- Allegations pertaining to the e-tender No. 2/KHTC/HQ/ 2024- 25, Dated: 09.07.2024 issued by Keral Hydel Tourism Centre - remarks on recommendations called for– reg.

Ref:- Enquiry Report submitted by the Vigilance Wing, Dated:26.10.2024.

9/12

Please refer to the above.

An enquiry was conducted by the Vigilance Wing of KSEBL, against the irregularities in E-Tender No. 2/KHTC/HQ/2024-25, Dated: 09.07.2024 issued by Keral Hydal Tourism Centre, based on a petition filed by Sri. Anilkumar before the Chairman and Managing Director and a detailed report has been submitted with certain recommendations. After examining the Enquiry Report, the Chairman and Managing Director ordered to sought remarks, if any on the recommendations. The same may be obtained at the earliest. A copy of the enquiry report is appended herewith for your reference.

7/12

Superintendent of Police
for **CHIEF VIGILANCE OFFICER**

1861

"ഭരണഭാഷ മാതൃഭാഷ"

കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്
(1956-ലെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം)
രജി.ഓഫീസ് : വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം – 695 004
കേരള
CIN : U40100KL2011SGC027424
ചീഫ് വിജിലൻസ് ഓഫീസറുടെ കാര്യാലയം, വൈദ്യുതി ഭവനം, പട്ടം,
201 തിരുവനന്തപുരം
ഫോൺ നമ്പർ : 0471-2444554, ഫാക്സ് നമ്പർ : 0471-2554414
വെബ് സൈറ്റ് : www.kseb.in E-mail vigilance.kseb@gmail.com

**തീയതി : 26.10.2024.**

CVO KSEBL AE Section 28 OCT 2024 INW No. 5253

പ്രേഷകൻ

ഷാനിഹാൻ.എ.ആർ
ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് &,
വിജിലൻസ് ഓഫീസർ II,
കെ.എസ്.ഇ.ബി ലിമിറ്റഡ്,
പട്ടം, തിരുവനന്തപുരം.

സ്വീകർത്താവ്

ബഹു: ചീഫ് വിജിലൻസ് ഓഫീസർ,
കെ.എസ്.ഇ.ബി ലിമിറ്റഡ്,
വൈദ്യുതി ഭവനം,പട്ടം,
തിരുവനന്തപുരം.

സർ,

വിഷയം:- KHTC പുറപ്പെടുവിച്ച E-Tender No.2/KHTC/HQ/2024-25 Dated 09.07.2024-ലെ Irregularities പരിശോധിക്കുന്നത് - സംബന്ധിച്ച്.

സൂചന:- **No.Vig/A2/100- 310/2024 തീയതി : 13.08.2024.**

മേൽ വിഷയത്തിലേയ്ക്കും സൂചനയിലേയ്ക്കും അങ്ങയുടെ ശ്രദ്ധ ക്ഷണിച്ചു കൊള്ളുന്നു.

30/10/24

I. **ആമുഖം**

കേരള ഹൈഡൽ ടൂറിസം സെന്റർ (KHTC) പുറപ്പെടുവിച്ച E-Tender No. 2/KHTC/HQ/2024-25 Dated 09.07.2024-ലെ tender document-ലെയും tender നടപടിക്രമങ്ങളിലേയും പൊരുത്തക്കേടുകൾ അന്വേഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.അനിൽ കുമാർ വി. എന്ന പരാതിക്കാരൻ ബഹുമാനപ്പെട്ട ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് നൽകിയ പരാതി അന്വേഷണം നടത്തി

റിപ്പോർട്ട് സമർപ്പിക്കുന്നതിന് ബഹുമാനപ്പെട്ട ചീഫ് വിജിലൻസ് ഓഫീസർ അവർകൾ മേൽ സൂചന പ്രകാരം എന്നെ ചുമതലപ്പെടുത്തിയതനുസരിച്ച് ഞാൻ നടത്തിയ അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ ചുവടെ ചേർക്കുന്നു.

II. **പരാതിക്കാരന്റെ പേരും മേൽവിലാസവും**

ശ്രീ.അനിൽ കുമാർ വി. 7907949423
അനിതാ ഭവൻ,
വേറ്റിനാട്, വട്ടപ്പാറ പി.ഒ,
തിരുവനന്തപുരം.
**(Tropic Trials)**

III. **ആരോപണവിധേയന്റെ പേരും മേൽവിലാസവും**

കേരള ഹൈഡൽ ടൂറിസം സെന്റർ
വൈദ്യുതി ഭവനം, പട്ടം,
തിരുവനന്തപുരം.

IV. **പരാതി സംഗതി/ആരോപണങ്ങൾ**

കേരള ഹൈഡൽ ടൂറിസം പുറപ്പെടുവിച്ച E-Tender No. 2/KHTC/HQ/2024-25 Dated 09.07.2024-ലെ tender document-ലെയും tender നടപടിക്രമങ്ങളിലേയും പൊരുത്തക്കേടുകൾ അന്വേഷിക്കണമെന്നും Tender റദ്ദാക്കണമെന്നതും സംബന്ധിച്ച്.

V. **കണ്ടു ചോദിച്ച സാക്ഷികളുടെ പേരും മേൽവിലാസവും**

W 1 ശ്രീ.അനിൽ കുമാർ വി. 7907949423
അനിതാ ഭവൻ,
വേറ്റിനാട്, വട്ടപ്പാറ പി.ഒ,
തിരുവനന്തപുരം.
**(Tropic Trials)**

W2. ശ്രീമതി. അക്ഷയ എ.എസ്. 9495273385
ടെക്നിക്കൽ അസിസ്റ്റന്റ്
O/o ഡയറക്ടർ KHTC,
വൈദ്യുതി ഭവനം, പട്ടം.

W3. ശ്രീ.മാത്തവൽ വിനോദ് പി.റ്റി. 9847321773
S/o തോമസ് പി.എം.
പടമാടൻ ഹൗസ്, മുളവുകാട് പി.ഒ.
എറണാകുളം.

W4. ശ്രീ.മരിയ പ്രോൺ വി. 9495719835
അസിസ്റ്റന്റ് എഞ്ചിനിയർ
മറൈൻ, പോർട്ട് ഓഫീസ്,
കൊല്ലം.

W5. ശ്രീമതി. സിബിയ വി.പി. 9895511604
(എംപ്ലോയ് കോഡ് – 1070107)
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ,
Pumped Storage (Old Spin & Consultancy)
2nd Floor, വൈദ്യുതി ഭവനം, പട്ടം,
തിരുവനന്തപുരം.

**VI. കണ്ടു ചോദിച്ച ആരോപണ വിധേയന്റെ പേരും മേൽവിലാസവും**

ശ്രീ.നരേന്ദ്രനാഥ് വെല്ലൂരി IFS 9447759854
ഡയറക്ടർ, KHTC,
വൈദ്യുതി ഭവനം, പട്ടം.

**VII. അന്വേഷണസംബന്ധമായി ശേഖരിച്ച രേഖകൾ**

**Exbit.A** : - പരാതിക്കാരന്റെ Tropic Trials –ന് Water Sports Activity 2016 മുതൽ 2022 വരെ നടത്തുന്നതിന് KHTC നൽകിയ Sanction Order –ന്റെ പകർപ്പ്

**Exbit.B** : - പരാതിക്കാരൻ അനിൽകുമാറിന് വയനാട് circuit ലഭിച്ചതിന് KHTC പുറപ്പെടുവിച്ച E-Tender No.15/KHTC/HQ/2022-23-ന്റെ പകർപ്പ്.

**Exbit.C** : - ടി tender-ലെ tender procedure ശരിയല്ലായെന്ന് കാണിച്ച് ശ്രീ.അനിൽ കുമാർ ഹൈക്കോടതിയിൽ നൽകിയ WP(C) No.28293/2022 –മേൽ ബഹുമാനപ്പെട്ട കോടതി 01.12.2022-ന് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ്.

**Exbit.D** : - 22.01.2024-ലെ Executive Committee-യുടെ മിനിറ്റ്സിന്റെ പകർപ്പും ആയതിന്മേൽ ശ്രീ.അനിൽകുമാറിനെ Black List ചെയ്ത് Director KHTC പുറപ്പെടുവിച്ച 07.05.2024-ലെ ഉത്തരവിന്റെ പകർപ്പും.

**Exbt.E** : - മാട്ടുപ്പെട്ടി ഡാമിൽ Passengers Boating Operation-നു വേണ്ടി Bryan Engineering –ന് നൽകിയ മുൻ tender ആയ E-Tender No.11/KHTC/HQ/2022-23-ന്റെ പകർപ്പ്.

**Exbit.F** : - ടി tender-ൻമേൽ Bryan Company – Boating Operation നടത്തിയ വകയിൽ KHTC-യ്ക്ക് ലഭിച്ച 3,23,98,425/- രൂപയുടെ Account Statement.

**Exbit.G** : - ആരോപണവിധേയമായ E-Tender No. 2/KHTC/HQ/ 2024- 25 Dated 09.07.2024-ന്റെ പകർപ്പ്.

**Exbit.H** : - ടി tender-ൽ പങ്കെടുത്ത 5 Bidder --മാരുടെ details.

**Exbit.I** : - 2nd Stage-ൽ പങ്കെടുക്കുന്നതിനു വേണ്ടി 3 Bidder-മാർക്ക് KHTC Director 31.07.2024-ൽ നൽകിയ കത്തും 05.08.2024-ലെ മിനിറ്റ്സിന്റെ പകർപ്പും.

**Exbit.J** : - ടി 3 Bidder –മാർക്കും ലഭിച്ച Mark-ന്റെ Score Sheet.

**Exbit.K** : - Power Boat Galleria –യ്ക്ക് Work award ചെയ്തുകൊണ്ടും നിലവിൽ Boating Operation നടത്തി വന്നിരുന്ന Bryan Engineering-നോട് 19.09.2024-ൽ vacate ചെയ്യണമെന്ന് അറിയിച്ചുകൊണ്ടും KHTC Director 22.08.2024-ൽ Bryan Engineering-ന് നൽകിയ കത്തിന്റെ പകർപ്പ്.

**Exbit.L** : - പുതിയ tender ലഭിച്ച Power Boat Galleria 06.10.2024 മുതൽ 18.10.2024 വരെ Boating Operation നടത്തിയ വകയിൽ KHTC –യ്ക്ക് ലഭിച്ച Revenue Share-ന്റെ Statement-ന്റെ പകർപ്പ്

**Exbit.M** : -പുതിയ tender ലഭിച്ച Periyar Boat Galleria-യുടെ Owner - Manu.P.Jose ഹാജരാക്കിയ Marine Solar Cruiser, Akalappuzha എന്ന Boat-ന്റെ 23.09.2024 തീയതി വെച്ചുള്ള Survey Certificate-ന്റെ പകർപ്പ്.

**Exbit.N** : - KHTC നൽകിയ Presentation Round-ൽ പങ്കെടുത്ത Boat-കളുടെ Still/Videos അടങ്ങിയ Pen drive.

**Exbit.O** : - പരാതിക്കാരനായ അനിൽകുമാർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ File ചെയ്ത WP(C) No.20018/2023-ന്മേൽ KHTC Director File ചെയ്ത Counter Affidavit-ന്റെ പകർപ്പ്.

## VIII. അന്വേഷണസംബന്ധമായി പരിശോധിച്ച രേഖകൾ

മുകളിൽ ഏഴാം കോളത്തിൽ സൂചിപ്പിച്ചിട്ടുള്ളവ

## IX. അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ

ശ്രീ.അനിൽ കുമാർ വി., അനിത ഭവൻ, വേറ്റിനാട്, വട്ടപ്പാറ പി.ഒ. എന്നയാൾ KHTC പുറപ്പെടുവിച്ച E-Tender No.02/KHTC/HQ/2024-25 Dated 09.07.2024-ലെ പൊരുത്തകേടുകൾ പരിശോധിക്കണമെന്നാവശ്യപ്പെട്ട കൊണ്ട് ബഹുമാനപ്പെട്ട ചെയർമാൻ & മാനേജിംഗ് ഡയറക്ടർ അവർകൾക്ക് നൽകിയ പരാതിയിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് മേൽ സൂചന പ്രകാരം എന്നെ ചുമതലപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ ഞാൻ നടത്തിയ അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ ചുവടെ സമർപ്പിച്ചു കൊള്ളുന്നു.

ഈ പരാതിയുടെ അന്വേഷണഭാഗമായി ഞാൻ ഇതിലെ പരാതിക്കാരനായ അനിൽകുമാർ വി.-യെയും KHTC Director-ന്റെ Technical Assistant ആയ ശ്രീമതി.അക്ഷയ എ.എസ്.-നേയും, Bryan Engineering –ന്റെ ഉടമയായ ശ്രീ.മാനുവൽ

വിനോദിനേയും, കൊല്ലം Port Office-ലെ AE ആയ ശ്രീ.മരിയ പ്രോണിനേയും കെ.എസ്.ഇ.ബി., പട്ടം Pumped Storage (Old SPIN & Consultancy) ആഫീസിലെ AEE ശ്രീമതി.സിബിയ വി.പി.-യേയും ആരോപണവിധേയനായ KHTC Director ശ്രീ.നരേന്ദ്രനാഥ് വെല്ലൂരി IFS-നേയും കണ്ട് ചോദിച്ച് മൊഴികൾ രേഖപ്പെടുത്തിയും E-Tender No.02/KHTC/HR/2024-25 Dated 09.07.2024-ലെ Tender Documents-ഉം, മുൻ tender ആയ E-Tender No.11/ KHTC/HR/2022-23-ഉം, അനുബന്ധരേഖകളും അക്കൗണ്ടുകളും പരിശോധിച്ചും ഫോൺ മുഖേന E-Tender No.02/KHTC/HR/2024-25-ൽ പങ്കെടുത്ത മറ്റ് Bidders-നോടും വിവരങ്ങൾ ചോദിച്ചും വിശദമായ അന്വേഷണം നടത്തിയിട്ടുള്ളതാണ്.

അന്വേഷണഭാഗമായി പരാതിക്കാരനായ **ശ്രീ.അനിൽ കുമാർ വി. (W-1)** യെ കണ്ട് ചോദിച്ചതിൽ ടിയാൻ KHTC –യിൽ 2016 മുതൽ 2022 ഫെബ്രുവരി വരെ മലബാർ, മൂന്നാർ സർക്യൂട്ടുകളിൽ ടെൻഡർ പ്രകാരം Water Sports Activity-കൾ നടത്തിയിരുന്നുവെന്നും മലബാർ സർക്യൂട്ടിൽ ബാണാസുരസാഗറിലും മൂന്നാർ സർക്യൂട്ടിൽ ആനയിറങ്കൽ, ചെങ്കുളം, മൂന്നാർ ഹൈഡൽ പാർക്ക്, മാട്ടുപ്പെട്ടി ഇലക്ട്രോ പോയിന്റ്, കുണ്ടള ഡാം എന്നിവിടങ്ങളിൽ ആദ്യത്തെ 3 വർഷം 35% Revenue Share to KHTC without GST എന്ന നിരക്കിലും തുടർന്ന് 40% നിരക്കിലും ലാഭവിഹിതം നിശ്ചയിച്ച് പ്രവർത്തിച്ചിരുന്നുവെന്നും തുടർന്ന് നടന്ന 14.07.2022-ലെ Tender –ലും ടിയാൻ പങ്കെടുത്തുവെന്നും അതിൽ മൂന്നാർ സർക്യൂട്ടിൽ ടിയാൻ 1st Rate (58.5% Revenue Share to KHTC) Quote ചെയ്തുവെങ്കിലും Lowest Rate (50.51%) Quote ചെയ്ത Periyar Water Sports-ന് ടി Work Award ചെയ്യുകയും മൂന്നാർ സർക്യൂട്ടിൽ ഉയർന്ന Rate Quate (55.55%) ചെയ്ത Happy Ventures പങ്കെടുക്കാത്തതിനാൽ 2nd Lowest Rate (50.85%) Quate ചെയ്ത ടിയാനോട് Happy Ventures Quate ചെയ്ത ഉയർന്ന റേറ്റിൽ work എടുക്കാൻ ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും ടിയാൻ തയ്യാറായില്ലായെന്നും തുടർന്ന് 3rd Lowest (50.55%) Rate-ൽ Work Award ചെയ്തുവെന്നും ആയതിനാൽ ടിയാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ

WP (C) No.20018/23 ആയി ഹർജി File ചെയ്ത് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലാണെന്നും ടിയാൻ ഹൈക്കോടതിയിൽ പോയതിനാലും മാധ്യമങ്ങളിൽ വാർത്തവന്നതിനാലും 22.01.2024-ൽ കൂടിയ 15-)o Executive Committee-യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ടിയാനെ 07.05.2024-ൽ KHTC Black List ചെയ്തുവെന്നും അതിനാലാണ് 09.07.2024-ൽ നടന്ന ഈ ടെൻഡറിൽ ടിയാന് പങ്കെടുക്കാൻ കഴിയാത്തതെന്നും എന്നാൽ 09.07.2024-ൽ ടെൻഡർ ക്ഷണിച്ച ഉടനെ ടി Tender Condition-ലെ അപാകതകൾ പരിഹരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 16.07.2024-ൽ ബഹുമാനപ്പെട്ട ചെയർമാൻ & മാനേജിംഗ് ഡയറക്ടർക്ക് ടിയാൻ ഈ പരാതി നൽകിയിട്ടുള്ളതാണെന്നും CVC (Central Vigilance Commission) മാനദണ്ഡമനുസരിച്ച് ഈ ടെൻഡറിലെ Technical Bid ആദ്യം open ചെയ്യേണ്ടതും അതിന്റെ Mark ആദ്യം പ്രസിദ്ധീകരിക്കേണ്ടതും Bidders-നെ അറിയിക്കേണ്ടതുമാണെന്നും II Stage-ൽ മാത്രമേ Financial Bid publish ചെയ്യാൻ പാടുള്ളൂവെന്നും ഈ ടെൻഡറിൽ പറയുന്ന Presentation Stage എന്നത് 1st Stage ആയ Technical Capability സമയത്ത് ചെയ്യേണ്ടതാണെന്നും അല്ലാത്ത പക്ഷം Vested Interest –ന്റെ അടിസ്ഥാനത്തിൽ ടെൻഡറിൽ Qualified ആയ Bidders-നെ ഒഴിവാക്കി Presentation Stage-ൽ Mark കൂട്ടി നൽകി അവർ ഉദ്ദേശിക്കുന്ന Bidders-ന് നൽകാൻ സാധിക്കുമെന്നും ആയത് CVC മാനദണ്ഡങ്ങൾക്ക് വിരുദ്ധമാണെന്നും അപ്രകാരം KHTC പ്രവർത്തിച്ചു കൊണ്ടാണ് 14.07.2022-ലെ ടെൻഡറിൽ ഉയർന്ന Revenue Share Quate ചെയ്തിട്ടും Presentation Round-ൽ ടിയാൻ മനപ്പൂർവ്വം മാർക്ക് കുറച്ച് നൽകിയതെന്നും പറഞ്ഞിട്ടുള്ളതാണ്.

അന്വേഷണത്തിന്റെ ഭാഗമായി KHTC Director –ഉടെ Technical Assistant ആയ **ശ്രീമതി.അക്ഷയ എ.എസ്.(W-2)** നെ കണ്ട് ചോദിച്ചതിൽ 2015 ആഗസ്റ്റ് മാസം മുതൽ ടിയാൻ ടി ഓഫീസിൽ TA ആയി ജോലി നോക്കി വരുന്നുവെന്നും നിലവിലെ ഡയറക്ടർ ശ്രീ.നരേന്ദ്രനാഥ് വെല്ലൂരി IFS ആണെന്നും അനിൽ കുമാർ Tropic Trails

എന്ന പരാതിക്കാരൻ 2016 മുതൽ മൂന്നാർ, വയനാട് ഹൈഡൽ ടൂറിസം സർക്കിളുകളിൽ Water Sports ഇനത്തിൽപ്പെട്ട Kayyaking, Kuttavanchi എന്നിവ Revenue Share Basis-ൽ (40% KHTC-യും 60% ടിയാനും) 5 വർഷത്തേയ്ക്ക് നൽകിയിരുന്നുവെന്നും തുടർന്ന് ടിയാന് ടെൻഡർ മാനദണ്ഡമില്ലാതെ 2022 വരെ മുൻ ഡയറക്ടർമാർ extension നൽകിയെന്നും ടി 6 വർഷക്കാലയളവിൽ KHTC-യ്ക്ക് 89 ലക്ഷം രൂപയുടെ വരുമാനം മാത്രമാണ് ലഭിച്ചതെന്നും ടിയാൻ ടിക്കറ്റ് കൊടുക്കാതെ സഞ്ചാരികളെ പ്രവേശിപ്പിച്ച് പണം വാങ്ങി Boating നടത്തി വരുമാനം സ്വന്തമായി എടുക്കുന്നുവെന്ന പരാതികൾ ലഭിച്ചതിനാൽ ഇപ്പോഴത്തെ Director, KHTC-യുടെ എല്ലാ വർക്കുകളും E-Tender നൽകിയാൽ മതിയെന്ന് 23.03.2022-ലെ Governing Body-യുടെ തീരുമാനപ്രകാരം നിർദ്ദേശിച്ചുവെന്നും തുടർന്ന് 2022 ജൂലൈ മാസം മുതൽ KHTC Revenue Share-ൽ മേലുള്ള എല്ലാ വർക്കുകൾക്കും E-Tender ആരംഭിച്ചുവെന്നും തുടർന്ന് ഗവൺമെന്റിന്റെ e-tender site-ൽ Water Sports Activity-യ്ക്കായി e-tender ക്ഷണിച്ചതിൽ പരാതിക്കാരൻ പങ്കെടുക്കുകയും Malabar Circuit-ൽ ടിയാൻ Win ചെയ്തുവെങ്കിലും Munnar Circuit ലഭിയ്ക്കാത്തതിനാൽ ടിയാൻ അത് ഏറ്റെടുത്തില്ലെന്നും തുടർന്ന് ടിയാൻ ഹൈക്കോടതിയിൽ പരാതി നൽകുകയും ടിയാന്റെ വാദം കോടതി തള്ളുകയും KHTC Director-ന്റെ നടപടി ശരിവയ്ക്കുകയും ചെയ്തുവെന്നും KHTC -യ്ക്കെതിരെ അകാരണമായി ഹൈക്കോടതിയിൽ കേസ് കൊടുത്തതിനാലും KHTC -യെ അപകീർത്തിപ്പെടുത്തുന്ന പ്രസ്താവനകൾ സാമൂഹ്യമാധ്യമങ്ങളിൽ പ്രചരിപ്പിച്ചതിനാലും 22.01.2024-ലെ 15-)o Executive Committee ടിയാനെ Black List ചെയ്തുവെന്നും പരാതിക്കാരൻ ആരോപിച്ചിട്ടുള്ള <u>E-Tender No.02/KHTC/HQ/2024-25 Dated 09.07.2024</u> മാട്ടുപ്പെട്ടി ഡാമിലെ Tourism Water Activity-യ്ക്കായി 30 മുതൽ 50 വരെ യാത്രക്കാരെ കയറ്റാവുന്ന Electric/Petrol Engine ഘടിപ്പിച്ച Passenger Boat Operate ചെയ്യുന്നതിനായി 50% Revenue Share KHTC-യ്ക്ക് Threashhold വച്ച് Tender ക്ഷണിച്ചിരുന്നുവെന്നും ആ സമയത്ത് അനിൽകുമാർ ടെൻഡർ നടപടികളിൽ ക്രമക്കേടുണ്ടെന്ന് കാണിച്ച് ചെയർമാൻ & മാനേജിംഗ്

ഡയറക്ടർക്ക് ഈ പരാതി നൽകിയിരുന്നുവെന്നും തുടർന്ന് Director, Chairman & Managing Director –ക്ക് Report കൊടുത്തുവെന്നും KHTC Tender നടപടികളുമായി മുമ്പോട്ട് പോയെന്നും ടെൻഡറിൽ പങ്കെടുത്ത 5 Bidders-മാരുടെ Bid open ചെയ്തതിൽ 1st Stage-ൽ 3 Bidders മാത്രമേ Quality ചെയ്തിട്ടുവെന്നും തുടർന്ന് ടി 3 പേരെവെച്ച് 2nd Stage-ൽ Presentation Round –ൽ Kerala Port Department –ലെ ശ്രീ.മറിയ പ്രോൺ എന്ന AE പങ്കെടുത്ത് Boat-ന്റെ Documents Varify ചെയ്ത് Quality and Specification ഉറപ്പ് വരുത്തിയെന്നും Highest Revenue Share Quate ചെയ്ത Power Board Gallaria എന്ന Bidder –ന് 19.08.2024 Work Award ചെയ്ത് work order നൽകിയെന്നും പരാതിക്കാരൻ പരാതിയിൽ സൂചിപ്പിച്ചിട്ടുള്ള Point No.I-ന് മറുപടിയായി KHTC Charitable Trust Act 1956 അതനുസരിച്ച് T.1911/1999 ആയി 01.12.1999-ൽ രജിസ്റ്റർ ചെയ്ത് KSEB-യുടെ ഒരു യൂണിറ്റായി പട്ടം, വൈദ്യുതി ഭവനിൽ പ്രവർത്തിക്കുന്നുവെന്നും ബോർഡ് initial amount ആയി 30 ലക്ഷം രൂപ Loan ഇനത്തിൽ നൽകിയ മൂലധനം വെച്ചാണ് പ്രവർത്തനം ആരംഭിച്ചതെന്നും ആദ്യ പദ്ധതി മൂന്നാർ ആയിരുന്നുവെന്നും Governing Body-യുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് KHTC-യുടെ എല്ലാ പ്രവർത്തനങ്ങളെന്നും വൈദ്യുതി വകുപ്പ് മന്ത്രി, ചെയർമാനും, കെ.എസ്.ഇ.ബി. ചെയർമാൻ & മാനേജിംഗ് ഡയറക്ടർ vice ചെയർമാനും, Board Director-മാർ അംഗങ്ങളും ആണെന്നും ആയതിനാൽ Governing Body തീരുമാനിച്ച Tender No.2/KHTC/HQ/2024-25 Dated 09.07.2024 എന്നത് ചട്ടപ്രകാരമുള്ളതാണെന്നും KHTC-യുടെ എല്ലാ അക്കൗണ്ടുകളും Internal Auditor പരിശോധിച്ച Governing Body അംഗീകരിച്ച Chartered Account എല്ലാ വർഷവും Audit ചെയ്യാറുണ്ടെന്നും Government Fund അല്ലാത്തതിനാലാണ് C&AG-യുടെ Audit പരിധിയിൽ വരാത്തതെന്നും KHTC വിവരാവകാശനിയമത്തിന്റെ പരിധിയിൽ വരുന്നില്ലായെന്നും Point No.2-നുള്ള മറുപടിയായി KHTC Water Sports Activity-ക്കായി ടെൻഡറിലെ Clause - 2-ൽ

പറയും പ്രകാരം National /International Operators/Agencies-ൽ നിന്നും Rev Share-ന്റെ അടിസ്ഥാനത്തിൽ E-Tender ക്ഷണിക്കാറുണ്ടെന്നും E-Tender Govt-ൻ E-Tender site-ൽ publish ചെയ്യാറുണ്ടെന്നും KHTC-യ്ക്ക് നാളിതുവരെ National/ International Agency-കളിൽ നിന്നും അപേക്ഷകളൊന്നും ലഭിച്ചിട്ടില്ലായെന്നും Point No.3-ന് മറുപടിയായി ടെൻഡറിൽ Clause 3.9-ൽ പരാതിക്കാരൻ സൂചിപ്പിച്ച പ്രകാരം Technical evaluation –ലും Presentation Round-ലും highest score ലഭിക്കുന്ന ആളിനെയാണ് Successful Bidder ആയി പ്രഖ്യാപിക്കുന്നതെന്നും, Point No.4-ന് മറുപടിയായി KHTC പുറപ്പെടുവിച്ച ഈ ടെൻഡറിലേയ്ക്ക് Single Envelop ആണുള്ളതെന്നും Bidder നൽകുന്ന BOQ (Bill of Quantity) ഈ Tender–നെ സംബന്ധിച്ച് Revenue Share-ന്റെ Highest/Lowest Rate Base ചെയ്തിട്ടുള്ളതാണെന്നും Revenue Share 50% എന്ന് KHTC നിജപ്പെടുത്തിയിരുന്നുവെന്നും ഏറ്റവും കൂടുതൽ Revenue Share 55% Quate ചെയ്ത Power Boat Galleria –യ്ക്കാണ് Tender ലഭിച്ചിട്ടുള്ളതെന്നും Point No.5-ന് മറുപടിയായി ഈ ടെൻഡറിൽ 2 Stage ആയാണ് Score Sheet – prepare ചെയ്തിട്ടുള്ളതെന്നും 1st Stage-ൽ Technical Capability –ഉം Financial Capability – യുമാണ് check ചെയ്തിരുന്നതെന്നും Technical Capability –ൽ വരുന്ന Boat-ന്റെ Document verification –ന് 45 Mark നിശ്ചയിച്ചിരുന്നുവെന്നും അതിൽ മുൻ പരിചയം കുറഞ്ഞത് 3 വർഷം വേണമെന്നും Technical Experience ഉള്ള Staff-കൾ ആയിരിക്കണമെന്നും Safety equipments –ഉം, Boat-ന് ആവശ്യമായ Registration, Insurance എന്നിവ Kerala Port Department-ലെ AE പരിശോധിച്ചാണ് Mark നിർണ്ണയിച്ചിട്ടുള്ളതെന്നും Financial Capability-യ്ക്ക് 30 Mark ആണ് നിശ്ചയിച്ചിട്ടുള്ളതെന്നും ആയതിൽ 10 മാർക്ക് Previous 3 years Annual turn Over 2 കോടി വേണമെന്നതിനും 20 മാർക്ക് Bidder Quate ചെയ്യുന്ന Revenue Share-ന്റെ അടിസ്ഥാനത്തിലുമാണെന്നും 2nd Stage-ൽ Presentation Round-ന് 25 Mark ആണ് നിശ്ചയിച്ചിട്ടുള്ളതെന്നും അതിൽ Bidder Quate ചെയ്തിട്ടുള്ള Boat-ന്റെ Stills-ഉ,

Videos-ഉം specification-ഉം Detailed ആയി പരിശോധിക്കുമെന്നും Point No.6-ന് മറുപടിയായി Bidder-ന് Technical Evaluation-ൽ ലഭിച്ച mark Site-ൽ പ്രസിദ്ധീകരിക്കുന്നതിനുള്ള സംവിധാനം സിസ്റ്റത്തിൽ നിലവിലില്ലെന്നും ഓരോ Bidder-നും ലഭിച്ച Mark evaluate ചെയ്തതിന്റെ Physical Copy KHTC Head Quarters-ൽ ലഭ്യമാണെന്നും Reject ആയ Bidder-ന് ആവശ്യമുള്ളപക്ഷം ആയത് നൽകാറുണ്ടെന്നും എന്നാൽ Tender Documents-ൽ അപ്രകാരം specify ചെയ്ത് പറഞ്ഞിട്ടില്ലെന്നും Point No.7-ന് മറുപടിയായി 1st stage-ൽ ഉയർന്ന മാർക്ക് ലഭിച്ച Bidder ഉയർന്ന Revenue Share Bid-ൽ കാണിച്ചിരുന്നാലും 2nd Stage ആയ Presentation വേളയിൽ സുരക്ഷാമാനദണ്ഡങ്ങൾ കുറഞ്ഞ Boat-ന്റെ Video Presentation നടത്തി Mark കുറഞ്ഞാലും 1st Stage-ൽ ടിയാൻ Highest Bidder ആയാലും Bid-ൽ കാണിച്ചിട്ടുള്ളത് ഉയർന്ന Revenue Share ആയാലും സുരക്ഷാമാനദണ്ഡം പാലിച്ചുള്ള നിലവാരമുള്ള Boat ഹാജരാക്കുന്ന Bidder-ന് മാത്രമേ Tender നൽകാൻ കഴിയുകയുള്ളൂവെന്നും Point No.8 to 11 വരെയുള്ള point-കൾക്ക് മറുപടിയായി CVC (Central Vigilance Commission) മാനദണ്ഡങ്ങൾ എന്തെന്ന് വ്യക്തമല്ലെന്നും മൊഴി നൽകിയിട്ടുള്ളതാണ്.

അന്വേഷണ ഭാഗമായി ടി ടെൻഡറിൽ പങ്കെടുത്ത Bryan Engineering Services and Suppliers എന്ന Bidder ആയ **ശ്രീ.മാനവൽ വിനോദ് (W-3)** നെ കണ്ട് ചോദിച്ചതിൽ ടിയാൻ മാട്ടുപ്പെട്ടി Boating Centre –ൽ 31.05.2022-ൽ വിളിച്ച E-Tender No.11/KHTC/HQ/2022-23 എന്ന മുൻ ടെൻഡറിൽ വിജയിച്ചയാളും 73 Passengers – ന് യാത്ര ചെയ്യുന്നതിന് Capacity ഉള്ള Boat വിജയപ്രദമായി നടത്തി വന്നയാളും ഇപ്പോൾ 09.07.2024-ൽ വിളിച്ച E-Tender No.2/KHTC/HQ/2024-25 എന്ന Tender-ൽ പങ്കെടുത്തയാളും ആണെന്നും Tender Documents-ൽ പറയും പ്രകാരമുള്ള Kerala Port Registration Certificate-ഉം, Insurance, Crew Certificate-കളും Online വഴിയും നേരിട്ടും submit ചെയ്ത് പങ്കെടുത്തിട്ടുള്ളതായും Tender-ൽ പങ്കെടുത്ത 5 Bidder മാരിൽ 2 പേർ Documents Submit ചെയ്യാത്തതിനാൽ Rejection ആയെന്നും ടിയാൻ 51%

Revenue Share Quate ചെയ്തിരുന്നുവെന്നും 1st Stage-ൽ പറയുന്ന Document Verification --നായി KHTC HQ-ൽ വന്ന് Physical Copy കൊടുത്തിരുന്നുവെന്നും 24.07.2024-ൽ Tender Open ചെയ്തതായും 31.07.2024-ൽ KHTC Director ടിയാൻ Tender-ൽ പറഞ്ഞിട്ടുള്ള Boat-ന്റെ Power Presentation --നായി 05.08.2024 ഉച്ചയ്ക്ക് 12 മണിയ്ക്ക് എത്തുന്നതിന് കത്ത് നൽകിയിരുന്നതായും അതിനാൽ ബോട്ടിന്റെ Stills and Videos –ഉം എല്ലാം Documents-കളുടേയും Original-ഉം ആയി KHTC-ൽ ചെന്നുവെന്നും Power Boat Galleria –യുടെ presentation ആണ് ആദ്യം നടത്തിയതെന്നും തന്നോട് പുറത്ത് wait ചെയ്യാൻ Director പറഞ്ഞുവെന്നും അപ്പോൾ ഡയറക്ടറുടെ റൂമിൽ ഡയറക്ടറും, TA അക്ഷയയും Port Department AE ശ്രീ.മരിയ പ്രോണും ഉണ്ടായിരുന്നുവെന്നും അരമണിക്കൂർ കഴിഞ്ഞ് Power Boat ടീം പുറത്തിറങ്ങിയെന്നും ഉടർന്ന് ടിയാന്റെ presentation നടത്തിയെന്നും കഷ്ടിച്ച് 5 മിനിറ്റ് കഴിഞ്ഞപ്പോൾ presentation close ചെയ്യാൻ പറഞ്ഞുവെന്നും ബോട്ടിന്റെ Original Documents കാണിക്കാൻ പറഞ്ഞുവെന്നും ആയത് കാണിച്ച് ബോധ്യപ്പെട്ട ശേഷം പിന്നീട് വിവരം അറിയിക്കാമെന്ന് പറഞ്ഞുവിട്ടുവെന്നും ടിയാൻ പോകുന്നതു വരെ Samudra Shipyard Team Presentation-ന് വന്നിരുന്നില്ലെന്നും ടി ടെൻഡറിലെ മാർക്കോ Score Sheet-ഓ ടിയാനെ അറിയിച്ചിട്ടില്ലെന്നും 22.08.2024-ൽ KHTC Director ടിയാന് നൽകിയ കത്തിൽ 55% Revenue Share Quate ചെയ്തതും Presentation Round-ൽ പങ്കെടുത്ത Port Department AE മരിയ പ്രോണുമായി discuss ചെയ്തതിന്റെ അടിസ്ഥാനത്തിലും ടി Work Power Boat Galleria –യ്ക്ക് Award ചെയ്തിട്ടുണ്ടെന്നും നിലവിൽ മാട്ടുപ്പെട്ടി ഡാമിൽ Boat Operate ചെയ്ത് വന്ന ടിയാനോട് 19.09.2024-ന് മുൻപ് vacate ചെയ്യാനും അറിയിച്ച് കത്ത് നൽകിയെന്നും ടെൻഡറിലെ Score Sheet –നെ സംബന്ധിച്ചോ തങ്ങളുടെ ന്യൂനതകൾ എന്തെന്നതിനെ സംബന്ധിച്ചോ യാതൊരറിവും നൽകിയിട്ടില്ലെന്നും ടിയാൻ മുൻപ് Win ചെയ്ത E-Tender-ൽ Presentation Round ഉൾപ്പെടുത്തിയിരുന്നില്ലെന്നും 09.04.2024-ലെ

Tender-ൽ Presentation Round ഉൾപ്പെടുത്തിയെന്നും യഥാർത്ഥത്തിൽ Stage –I-ൽ Technical Capability വിലയിരുത്തുമ്പോൾ തന്നെ Presentation Item കൂടി ഉൾപ്പെടുത്തി Bidder-ന്റെ നിലവാരവും Mark-ഉം നിർണ്ണയിക്കേണ്ടതായിരുന്നുവെന്നും ഏതൊരു ടെൻഡറിലും Bid Prize അവസാനമാണ് secrecy –യ്ക്ക് വേണ്ടി open ചെയ്യുന്നതെന്നും അതിനാൽ ഈ Tender Process സുതാര്യമല്ലെന്നും Power Boat Galleria നൽകിയ 30 Passengers –ന്റെ Capacity-യെക്കാളും 73 Person Capacity ഉള്ളതും Ownership Propriety ടിയാന്റെ തന്നെ പേരിൽ ഉള്ളതും എല്ലാ രേഖകളും Stability, Survey Certificates-ഉം ഉള്ള ടിയാന്റെ Boat കഴിഞ്ഞ 2 വർഷമായി യാതൊരു അപകടവും കൂടാതെ Run ചെയ്ത് വന്നതാണെന്നും KHTC –യ്ക്ക് 51% Share നൽകിയ വകയിൽ 2.5 കോടി രൂപയുടെ Profit ഉണ്ടായിട്ടുണ്ടെന്നും Power Boat Galleria ഇപ്പോൾ operate ചെയ്യുന്ന Boat തുടർന്നാൽ കോടികളുടെ നഷ്ടം KHTC-യ്ക്ക് ഉണ്ടാകുമെന്നും അതിനാൽ Tender നടപടി പുനപരിശോധിക്കണമെന്നും മൊഴി നൽകിയിട്ടുള്ളതാണ്.

അന്വേഷണ ഭാഗമായി Port Department Kollam ഓഫീസിലെ AE (Marine) ആയ **ശ്രീ.മരിയ പ്രോൺ** (W-4)നെ കണ്ട് ചോദിച്ചതിൽ KHTC Director Chief Executive Office, Kerala Maritne Board-ന് നൽകിയ mail-ന്റെ അടിസ്ഥാനത്തിൽ 05.08.2024 തീയതി ഉച്ചയ്ക്ക് 12.00 മണിയ്ക്ക് KHTC Director-ന്റെ ഓഫീസിൽ വച്ച് E-Tender 2/KHTC/HQ/2024-25 Dated 09.07.2024 എന്ന ടെൻഡറിൽ സൂചിപ്പിച്ച Boat-കളുടെ Presentation Round-ൽ ബോട്ടുകളുടെ Video/Pictures Director-ന്റെ Meeting Hall-ൽ വച്ച് അതാത് Bidders Present ചെയ്തത് കാണുകയും Bidders ഹാജരാക്കിയ Documents പരിശോധിക്കുകയും Valid Survey and Registration Certificate ഉണ്ടോ എന്ന് പരിശോധിച്ചിരുന്നുവെന്നും പങ്കെടുത്ത 2 Bidders-ഉം Director വിളിച്ച പ്രകാരം പ്രത്യേകം പ്രത്യേകമാണ് presentation നടത്തിയതെന്നും ടിയാനും Director-ഉം ഒരു വനിതയും മാത്രമാണ് അവിടെ ഉണ്ടായിരുന്നതെന്നും Power Boat Galleria സമർപ്പിച്ച Boat-ന്റെ Survey Certificate Expire ആയിരുന്നുവെന്നും

പിന്നീട് വിളിച്ച Brayers Engineering സമർപ്പിച്ച ബോട്ടിന്റെ Survey Certi valid ആയിരുന്നുവെന്നും ഇപ്പോൾ ടിയാനെ കാണിച്ച Score Sheet-ൽ Stage-I-ൽ പറഞ്ഞിട്ടുള്ള Technical Capabilities എന്ന Para meter-ൽ 1.1 to 1.4 വരെയുള്ള Documents ഒന്നും തന്നെ ടിയാനെ പരിശോധിക്കാൻ വിളിയ്ക്കുകയോ ടിയാൻ പരിശോധിക്കുകയോ ചെയ്തിട്ടില്ലെന്നും Score Sheet-ൽ Stage -2-ൽ Presentation Round-ൽ പറഞ്ഞിട്ടുള്ള Boat-കളുടെ Stills and Videos and its Moving കാണിച്ചത് മനസ്സിലാക്കി ടി ബോട്ടുകൾക്ക് Fitness ഉണ്ടോ എന്ന് പരിശോധിക്കുക മാത്രമാണ് ടിയാൻ ചെയ്തതെന്നും ആയതിന് ടിയാൻ Mark ഇടുകയോ Evaluation Certificate KHTC –യ്ക്ക് കൊടുക്കുകയോ ചെയ്തിട്ടില്ലെന്നും പറഞ്ഞിട്ടുള്ളതാണ്.

കെ.എസ്.ഇ.ബി-യുടെ Pumped Storage (formerly SPIN & Consultancy)-ൽ E-Tendering Section കൈകാര്യം ചെയ്യുന്ന AEE ശ്രീമതി.സിബിയ വി.പി.-(W-5) യെ E-Tendering –ലുള്ള പ്രാവീണ്യം കണക്കിലെടുത്ത് Expert Opinion –ന് വേണ്ടി കണ്ട് ചോദിച്ചതിൽ E-Tender No.02/KHTC/HQ/2024-25 Dated : 09.07.2024 എന്ന ടെണ്ടറും ഡോക്യുമെന്റ്സുകളും പരിശോധിച്ചതിൽ Evaluation Documents-ൽ Stage -2-ൽ ഉൾപ്പെടുത്തിയിട്ടുള്ള Presentation Round Prize Bid Open ചെയ്തതിന് ശേഷമാണ് നടത്തിയിട്ടുള്ളതായി കാണുന്നതെന്നും യഥാർത്ഥത്തിൽ ടി Tender-ൽ 1st Stage-ൽ പറഞ്ഞിട്ടുള്ള Technical Capability-ൽ തന്നെ Bidder Tender –ലേയ്ക്ക് ഉൾപ്പെടുത്തുന്ന Boat-ന്റെ Technical Capability Criteria –യോടൊപ്പം Presentation Round-ൽ സൂചിപ്പിച്ചിട്ടുള്ള കാര്യങ്ങൾ ഒരു proposal ആയി ഉൾപ്പെടുത്തേണ്ടതായിരുന്നുവെന്നും അപ്രകാരം ചെയ്തിരുന്നുവെങ്കിൽ 1st Stage-ൽ പറഞ്ഞിട്ടുള്ള Financial Capability –ൽ Clause 2.2-ൽ പറഞ്ഞിട്ടുള്ള Quated Revenue Share (Prize Bid) എന്നത് കൂടുതൽ സുതാര്യമായിരുന്നുവെന്നും അല്ലെങ്കിൽ presentation Round Stage – I-ൽ ഉൾപ്പെടുത്തിയ ശേഷം Financial Bid Opening Stage – II-ൽ ചെയ്യേണ്ടതായിരുന്നുവെന്നും സാധാരണ എല്ലാ E-Tender നടപടികളിലും Prize Bid Open ചെയ്ത് Bidder –മാർ Quate ചെയ്ത Amount

അറിഞ്ഞതിന് ശേഷം പിന്നീട് ഒരു Round കൂടി ചെയ്യാറില്ലെന്നും Prize Negotiation മാത്രമാണ് നടത്താറുള്ളതെന്നും Tender –ൽ Evaluation Crieteria –ൽ 4 (4.1)-ൽ Sub Stages-ന് Maximum Mark മാത്രമേ പട്ടികയിൽ കാണിച്ചിട്ടുള്ളുവെന്നും Bidders-ന്റെ score എങ്ങനെയാണ് fix ചെയ്യുന്നതെന്ന് Crieteria നിർണ്ണയിച്ച് കാണുന്നില്ലെന്നും 2.2-ലെ Highest Revenue Share Quate ചെയ്യുന്ന ആളിനും H2, H3 എന്നിവർക്കും എത്ര മാർക്ക് വീതം നൽകണമെന്നുള്ളതും Tender Clause-ൽ വ്യക്തമായി ഉൾപ്പെടുത്തി കാണുന്നില്ലെന്നും ഈ Tender Single Cover System ആയതിനാൽ Stage-2-ൽ പറയുന്ന Presentation Round കൂടി Stage-I-ൽ ഉൾപ്പെടുത്തി Proposed Bidder-ന്റെ കൈയ്യിൽ നിന്നും Tender ക്ഷണിക്കുന്ന സമയത്ത് തന്നെ Submission-നോടൊപ്പം ലഭിക്കുന്ന തരത്തിൽ വാങ്ങേണ്ടതായിരുന്നുവെന്നും പറഞ്ഞിട്ടുള്ളതാണ്.

അന്വേഷണഭാഗമായി Bryan Engineers കൂടാതെ ടി ടെൻഡർ പങ്കെടുത്ത (1) Navigum Communications and Security Systems, Kavanad, Kollam (Mob:9656106778) (2) Arudhra Technologies, Thripunithura, Ernakulam (Mob : 9360645892) (3) Samudra Shipyard (P) Ltd., Aroor, Alappuzha (Mob : 9947142124) (4) Powerboat Galleria, Aluva, Ernakulam (Mob : 8086493469), എന്നീ Bidders-നെ ഫോണിൽ ബന്ധപ്പെട്ട് Tender-ൽ പങ്കെടുത്ത വിവരങ്ങൾ ചോദിച്ചതിൽ Navigum Communications-ഉം Arudhra Technologies എന്നീ Bidder-മാർ online ആയി Tender application നൽകിയെങ്കിലും Physically പങ്കെടുത്തിട്ടില്ലായെന്നറിയിച്ചിട്ടുള്ളതും മറ്റ് 3 Bidders Tender-ൽ പങ്കെടുത്തിട്ടുള്ളതും ആയതിൽ 1st Stage-ൽ Technical Capability Round-ലും, Financial Capability Round-ലും eligible ആയ Powerboat Galleria (55% of Quated Revenue Share) Highest Bidder ആയും, Bryan Engineering Services (51% of Quated Revenue Share) 2nd Highest Bidder ആയും, Samudra Shipyard (50%) 3rd Highest Bidder ആയും പരിഗണിച്ചിട്ടുണ്ടെന്നും എന്നാൽ Score sheet KHTC Bidders-ന് നൽകിയിട്ടില്ലെന്നും അറിയിച്ചിട്ടുള്ളതാണ്.

അന്വേഷണഭാഗമായി KHTC Director ആയ ശ്രീ.നരേന്ദ്രനാഥ് വെ... IFS അവർകളെ കണ്ട് ചോദിച്ച് മൊഴി രേഖപ്പെടുത്തിയതിൽ ടിയാൻ 21.12.2021 മുതൽ KHTC Director ആയി ജോലി നോക്കി വരുന്നുവെന്നും KHTC-യുടെ 5ലക്ഷം രൂപയ്ക്ക് മുകളിലുള്ള എല്ലാ വർക്കുകളും E-Tender ആയാണ് ചെയ്യുന്നതെന്നും KHTC ഒരു Charitable Society ആയതിനാൽ Bylaw, Executive Committee, Governing Body എന്നിവയുടെ തീരുമാനങ്ങൾക്കും ചട്ടങ്ങൾക്കും അനുസരിച്ചാണ് പ്രവർത്തിച്ച് വരുന്നതെന്നും Tender-ന്റെ കാര്യത്തിൽ CVC Guides KHTC-യ്ക്ക് ബാധകമല്ലെന്നും KHTC-യുടെ പ്രവർത്തനത്തിൽ Government or KSEB Funding ഇല്ലെന്നും Auditing എല്ലാ വർഷവും Tender വഴി select ചെയ്യുന്നത് Statutory Auditor വഴിയാണ് നടത്തുന്നതെന്നും അതിനാൽ KHTC വിവരാവകാശനിയമത്തിന്റെ പരിധിയിൽ വരുന്നില്ലെന്നും ഇതിലെ പരാതിക്കാരൻ Tropic Trials-ന്റെ ഉടമയായ അനിൽകുമാർ 2015 മുതൽ 2022 വരെ Water Sports Activity-യിൽപ്പെട്ട Kayakking, Kuttavanchi ഇനത്തിൽ മൂന്നാർ Circuit-ൽ പ്രവർത്തിച്ചിരുന്നയാളും **(Exbt.A)** E-Tender No.15/KHTC/HQ/2022-23 dated 12.07.2022 Tender-ൽ പ്രകാരം **(Exbt.B)** വയനാട് സർക്യൂട്ട് ലഭിച്ചയാളും എന്നാൽ മൂന്നാർ സർക്യൂട്ട് ലഭിക്കാത്തതിനാൽ Tender Procedure ശരിയല്ലെന്ന് കാണിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ WP (C) No.28293/2022 **(Exbt.C)** ആയി ഹർജി നൽകിയെങ്കിലും കോടതി ടിയാന്റെ വാദം അംഗീകരിച്ചില്ലെന്നും ടിയാന് Civil Remedies തേടാവുന്നതാണെന്ന് നിർദ്ദേശിച്ച് ടി Writ Petition Dismiss ചെയ്തിട്ടുള്ളതാണെന്നും [തുടർന്ന് ആയതിനെതിരെ ടിയാൻ WP(C) No.20018/23 ആയി ഹൈക്കോടതിയിൽ മറ്റൊരു Writ File ചെയ്യുകയും ആയത് കോടതിയിൽ Pending ആണെന്നും] 22.01.2021-ലെ Executive Committee (Agenda Point 15.5) തീരുമാനപ്രകാരം ടിയാനേയും മറ്റൊരു വ്യക്തിയായ ജോജോ മാത്യുവിനേയും തുടർന്നുള്ള KHTC Tender-കളിൽ പങ്കെടുക്കുന്നത് തടയുകയും Black List ചെയ്യുകയും

ഉണ്ടായിയെന്നും (Exbt.D) മാട്ടുപ്പെട്ടി ഡാമിൽ Passenger Boating Operation –ന് വേണ്ടി നടന്ന E-Tender No.11/KHTC/HQ/2022-23 (Exbt.E) Tender-ൽ Highest Revenue Share (51%) Quate ചെയ്ത Bryan Engineering –ന് Tender Award ചെയ്തുവെന്നും ടിയാൻ 2022 മുതൽ 2024 സെപ്തംബർ വരെ മാട്ടുപ്പെട്ടി ഡാമിൽ Boat Operate ചെയ്തിട്ടുള്ളതാണെന്നും 73 പേരുടെ capacity ഉള്ള ടിയാന്റെ Boat Operate ചെയ്തതിലൂടെ 51% Revenue Share ഇനത്തിൽ KHTC-യ്ക്ക് 20.08.2022 മുതൽ 31.03.2023 വരെ 79,35,296/- രൂപയും 01.04.2023 മുതൽ 31.03.2024 വരെ 1,49,60,864/- രൂപയും 01.04.2024 മുതൽ 05.10.2024 വരെ 95,02,265/- രൂപയും ഉൾപ്പെടെ 3,23,98,425/- രൂപയും ലഭിച്ചിട്ടുള്ളതായും ഒരു ടിക്കറ്റിന് 250/- രൂപയാണ് ഈടാക്കിയിരുന്നതെന്നും വെളിവായിട്ടുള്ളതാണ് (Exbt.F) തുടർന്ന് 2024 വർഷത്തിലേയ്ക്ക് 09.07.2024-ൽ ക്ഷണിച്ച E-Tender No.2/KHTC/HQ/2024-25-ലേയ്ക്ക് (Exbt.G) 5 Bidders (Navigum Communications (P) Ltd, Arudhra Technologies, M/s Power Boat Galleria, Bryan Engineering Service, Samudra Shipyard) പങ്കെടുത്തുവെന്നും (Exbt.H) Technical Capability-ഉം, Financial Capability-ഉം പരിശോധിച്ച 1st Stage-ൽ 2 Bidders Rejection ആയിട്ടുള്ളതും തുടർന്ന് നടന്ന 2nd Stage-ലെ Presentation Round-ൽ eligible ആയ M/s Power Boat Galleria, Bryan Engineering Service, Samudra Shipyard എന്നിവർ 05.08.2024 ഉച്ചയ്ക്ക് 12.00 മണിയ്ക്ക് KHTC Office-ൽ Presentation Round-ൽ പങ്കെടുക്കുന്നതിന് ടിയാൻ 31.07.2024-ൽ കത്ത് നൽകിയെന്നും (Exbt.I) Power Boat-ഉം, Bryan-ഉം പങ്കെടുത്തുവെന്നും Port Department-ലെ AE ശ്രീ.മരിയ പ്രോണിന്റെ സാന്നിദ്ധ്യത്തിൽ Bidders ഹാജരാക്കിയ Videos & Original Documents ഒത്ത് നോക്കിയെന്നും 1st Stage –ൽ പങ്കെടുത്ത Bidders-ന്റെ Boat-കളുടെ Documents പരിശോധിച്ചത് ടിയാന്റെ Presence-ൽ TA ആയ അക്ഷയ ആണെന്നും ടിയാനാണ് Mark ഇട്ടതെന്നും തുടർന്ന് Financial Capability നോക്കി കൂടുതൽ Revenue Share Quate ചെയ്ത Bidders-ന്റെ Mark ടിയാൻ

ഇട്ടിട്ടുള്ളതാണെന്നും (Power Boat Galleria-യ്ക്ക് 90 മാർക്കും, Bryan മാർക്കും, Samudra-യ്ക്ക് 52 മാർക്കും Score Sheet **(Exbt.J)** പ്രകാരം നൽകിയിട്ടുള്ളതാണെന്നും Presentation Round-ൽ പങ്കെടുത്ത 2 Boat-കളുടെ കാര്യത്തിൽ Power Boat Galleria –യുടെ Boat നല്ലതാണെന്നും അവരുടെ Boat-ന്റെ Documents-ഉം Up-to-date അല്ലാത്തതിനാൽ Agreement Time-ൽ Documents Valid ആണെന്ന് ഉറപ്പ് വരുത്തണമെന്നും Bryan Engineering-ന്റെ കാര്യത്തിൽ അവരുടെ Boat Wood Boat ആണെന്നും Old Model ആണെന്നും Diesel Engine ആയതിനാൽ Highly Polluted ആണെന്നും Latest Diesel Engine or Petrol Engine ആയി Convert ചെയ്താൽ മാത്രമേ condition satisfy ചെയ്യുവെന്നും Seating Capacity കൂടുതലല്ലാത്തതിനാൽ economic wise നല്ലതാണെന്നും ടിയാനെ advice ചെയ്തിട്ടുള്ളതാണെന്നും തുടർന്ന് Successful Bidder ആയ 55% Revenue Share Quate ചെയ്ത Power Boat Galleria-യോട് Agreement-ഉം, Security Deposit-ഉം Survey Certificate-ഉം നൽകുവാനും നിലവിൽ Boat Operation മാട്ടുപ്പെട്ടി ഡാമിൽ നടത്തി വന്ന 2nd Highest ആയ Bryan-നോട് 19.09.2024-ന് മുൻപ് BoatYard-ൽ നിന്നും vacate ചെയ്യാനും ടിയാൻ 22.08.2024 തീയതിയിൽ നൽകിയ കത്തിലൂടെ ആവശ്യപ്പെട്ടിട്ടുള്ളതാണെന്നും **(Exbt.K)** തുടർന്ന് Power Boat Galleria 06.10.2024 മുതൽ Boating Operate ചെയ്ത് വരുന്നുവെന്നും ടിയാന്മാർക്ക് 06.10.2024 മുതൽ 18.10.2024 വരെ Boat Operation ചെയ്ത വകയിൽ KHTC-യ്ക്ക് 2,92,630/- രൂപ Revenue Share ആയി ലഭിച്ചിട്ടുണ്ടെന്നും **(Exbt.L)** കഴിഞ്ഞ Tender-ൽ നിന്നും വ്യത്യസ്തമായി ഈ Tender-ൽ 2 Stage-കൾ വെച്ചത് KHTC ആദ്യമായി Petrol or Electric Boat നടപ്പിലാക്കാൻ തീരുമാനിച്ചതിനാൽ പങ്കെടുക്കേണ്ട Bidders-ന്റെ Capability-ഉം, Readiness-ഉം എപ്പോൾ ലഭിക്കുമെന്ന് ഉറപ്പില്ലാത്തതിനാൽ Stage –I കഴിഞ്ഞ ശേഷം ടി Boat –കളുടെ Video Presentation കൂടി നടത്തി quality ബോധ്യപ്പെട്ട ശേഷം Final Score നൽകാമെന്ന് ടിയാൻ തീരുമാനിച്ചുവെന്നും മുൻപ് ഇതേ രീതിയിൽ Kayaking-ന്റെ കാര്യത്തിൽ 2 Stage ഉള്ള Tender

നടപ്പിലാക്കിയതിനെതിരെ ഇതിലെ പരാതിക്കാരൻ അനിൽകുമാർ ഹൈക്കോടതിയെ സമീപിച്ചതിൽ കോടതി ടി സിസ്റ്റത്തിനെതിരെ Negative remarks ഒന്നും പറഞ്ഞിട്ടില്ലാത്തതിനാൽ പുതിയ സംരഭങ്ങൾ KHTC-യിൽ നടപ്പിലാക്കുന്ന സമയം 2 Stage Evaluation Process നല്ലതാണെന്ന് ടിയാൻ കരുതിയെന്നും Bidders ഹാജരാക്കിയ Documents-ഉം, അവരുടെ experience-ഉം, മറ്റ് Safety Aspects-ഉം, Revenue Share-ഉം നോക്കിയാണ് ടിയാൻ Score Sheet-ൽ Mark രേഖപ്പെടുത്തിയിട്ടുള്ളതെന്നും ആയതിലേയ്ക്ക് പ്രത്യേകം തരംതിരിച്ച് Mark ഇട്ട Detailed Back File ഇല്ലെന്നും Tender-ൽ സമർപ്പിച്ച Marine Solar Cruiser Akalappuzha എന്ന Boat-ന്റെ Owner Manu .P. Jose-ന് Survey Certificate Transfer ചെയ്ത് കിട്ടിയിട്ടുള്ളത് 23.09.2024-ലാണെന്നും **(Exbt.M)** ആയതിന് 45 ദിവസത്തെ സാവകാശം Tender-ലെ Item.7 പ്രകാരം ടിയാന് നൽകിയിട്ടുള്ളതാണെന്നും പറഞ്ഞിട്ടുള്ളതാണ്.

**Findings : -**

അന്വേഷണത്തിന്റെ ഭാഗമായി കണ്ട് ചോദിച്ച സാക്ഷികളിൽ നിന്നും, ആരോപണവിധേയന്റെ മൊഴിയിൽ നിന്നും പരിശോധിച്ച രേഖകളിൽ നിന്നും താഴെ പറയുന്ന വസ്തുതകൾ ബോധ്യപ്പെട്ടിട്ടുള്ളതാണ്.

മാട്ടുപ്പെട്ടി ഡാമിൽ 30 മുതൽ 50 വരെ യാത്രക്കാരെ കയറ്റി സവാരി നടത്തുന്നതിന് Capacityയുള്ള Petrol or Electric Boat Supply ചെയ്യുന്നതിനും operate ചെയ്യുന്നതിനുമായി Income Sharing basis-ൽ 2 വർഷക്കാലത്തേയ്ക്ക് E-Tender No.02/KHTC/HQ/2024-25, Dated 09.07.2024 ക്ഷണിച്ചിട്ടുള്ളതും ടെൻഡർ അപേക്ഷ Online ആയി 22.07.2024 16.00 PM വരെ സ്വീകരിച്ചിട്ടുള്ളതും 24.07.2024 – 11.00 am-ന് Tender Open ചെയ്തിട്ടുള്ളതുമാകുന്നു. ടി Tender-ൽ മുകളിൽ സൂചിപ്പിച്ച 5 Bidders പങ്കെടുത്തിട്ടുള്ളതും ആയതിൽ Navigum Communications, Arudhra Technologies എന്നീ Bidders മതിയായ Documents

ഹാജരാക്കാത്തതിനാൽ Tender നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടു ബാക്കി 3 Bidders Tender Documents - Clause 3-ൽ Sub Clause 3.9-ൽ പ്രതിപാദിക്കുന്ന തരത്തിലുള്ള Technical evaluation-ലും Presentation Round-ലും പങ്കെടുത്തിട്ടുള്ളതുമാകുന്നു. Tender Documents-ലെ Clause 4 - Evaluation Parameters for short listing of Bidders എന്ന ഭാഗത്ത് Evaluation Criteria-യിൽ പറഞ്ഞിട്ടുള്ള Table പ്രകാരം Stage –Iൽ ഉൾപ്പെട്ട Technical Capability Round-ൽ ആകെ 45 Mark-ഉം, Financial Capability-യ്ക്ക് 30 മാർക്കും ഉൾപ്പെടെ 75 Mark-ഉം, Stage – II-ൽ ഉൾപ്പെട്ട Presentation Round-ന് 25 Mark-ഉം ഉൾപ്പെടെ ആകെ 100 Mark നിശ്ചയിച്ചിട്ടുള്ളതും Clause 5 - Evaluation Process-ൽ 5.1-ൽ Stage –I-ൽ 65 Mark and above score ചെയ്യുന്ന Bidders-നെ മാത്രമേ Stage –II-ൽ Presentation Round-ൽ പങ്കെടുക്കുന്നതിന് പരിഗണിക്കുകയുള്ളൂവെന്നും സൂചിപ്പിച്ചിട്ടുള്ളതാണ്. എന്നാൽ ടി Table-ൽ ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ Bidders-ന്റേയും Mark നൽകേണ്ടതെന്ന Parameters പ്രതിപാദിച്ച് കാണുന്നില്ല. ആയതിനാൽ ഓരോ Bidders-ക്കും ഓരോ item-ൽ ലഭിച്ച Mark എപ്രകാരമാണ് assess ചെയ്തതെന്ന് വ്യക്തമല്ല.

ടി 1-ഉം, 2-ഉം Stage-കൾക്ക് ശേഷം tender-ൽ പങ്കെടുത്ത 3 Bidders-നും, KHTC നൽകിയ Mark –ന്റെ Score sheet പരിശോധിച്ചതിൽ Stage-I-ൽ Technical **Capability-ൽ 45 Mark-ൽ** Power Boat Galleria-യ്ക്ക് 40 Mark-ഉം, Bryan Engineering-ന് 45 Mark-ഉം, Samudra Ship Yard-ന് 30 Mark-ഉം, **Financial Capability-ൽ 30 Mark-ൽ** Power Boat Galleria-യ്ക്ക് 30 മാർക്കും Bryan Engineering-ന് 20 മാർക്കും, Samudra ShipYard-ന് 17 മാർക്കും ലഭിച്ചിട്ടുള്ളതായി കാണുന്നു. ആയത് ഒരു പട്ടികയായി ചുവടെ ചേർക്കുന്നു.

| Stage - I | Total Mark | Power Boat Galleria | Bryan Engineering | Samudra Shipyard |
|---|---|---|---|---|
| Technical Capability | 45 | 40 | 45 | 30 |
| | | (93.3%) | (86.6%) | (62.6%) |
| Financial Capability | 30 | 30 | 20 | 17 |
| **Stage – II** | | | | |
| Presentation Round | 25 | 20 | 15 | 5 |
| **TOTAL** | **100** | **90** | **80** | **52** |

മേൽ പറഞ്ഞ പട്ടിക പരിശോധിച്ചാൽ Stage –I-ൽ Power Boat Galleria-യ്ക്ക് ആകെയുള്ള 75 Mark-ൽ 70 Mark ലഭിച്ചതിൽ 93.3% -ഉം, Bryan Engineering 65 Mark ലഭിച്ചതിൽ 86.6% -ഉം, Samudra Shipyard-ന് 47 Mark ലഭിച്ചതിൽ 62.6%-ഉം ലഭിച്ചതായി കാണുന്നു. Tender condition-ലെ Clause 5.1 -ൽ 65% -തിന് മുകളിൽ Mark കിട്ടുന്ന Bidder-നെ മാത്രമേ Stage-II Presentation Round-ൽ പങ്കെടുപ്പിക്കാൻ സാധിക്കുകയുള്ളൂവെന്ന് സൂചിപ്പിച്ചതിന് വിരുദ്ധമായാണ് Samudra Ship Yard-നെ 2nd Stage-ൽ പങ്കെടുപ്പിച്ചതെന്ന് വ്യക്തമാണ്. ആയത് Tender Documents –ന് വിരുദ്ധമാണ്.

Stage 2 Presentation Round-ൽ Bidders Tender-ൽ പറഞ്ഞിട്ടുള്ള Boat-ന്റെ (Stills, Videos its Operation) evaluation ആണ് നടത്തുന്നത്. ആയതിന് 25 Mark നിശ്ചയിച്ചിട്ടുള്ളതിൽ മുകളിൽ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള Power Boat Galleria-യ്ക്ക് 20-ഉം Bryan Engineering-ന് 15-ഉം Samudra Ship Yard-ന് 5 മാർക്കും നൽകിയിട്ടുള്ളതായും അപ്രകാരം Score Sheet പരിശോധിച്ചതിൽ Power Boat Galleria –ന് 90 മാർക്ക് ലഭിച്ചതിൽ 1-ഉം, Bryan Engineering 80 മാർക്ക് ലഭിച്ചതിൽ 2nd ഉം Samudra Ship yard-ന് 52 Mark ലഭിച്ചതിൽ 3rd Place –ഉം നിശ്ചയിച്ചിട്ടുള്ളതായി കാണുന്നു. Presentation Round-ൽ ഓരോ Bidder-നേയും പ്രത്യേകം വിളിച്ചാണ് Video Presentation നടത്തിയിട്ടുള്ളതെന്നതിനാലും **(Exbt.N)**

ആയതിന് നൽകുന്ന Mark-ന് Criteria പറഞ്ഞിട്ടില്ലാത്തതിനാലും മറ്റ് 2 Bi ന്റേയും സാന്നിദ്ധ്യത്തിലല്ല Presentation Round നടത്തിയിട്ടുള്ളതെ വെളിവായിട്ടുള്ളതിനാലും ഇക്കാര്യത്തിൽ KHTC സുതാര്യത പാലിച്ചിട്ടില്ലാത്തതാണ്. ഈ Tender Single Envelop System ആയതിനാൽ 1st Stage-ലെ Technical Capability Round-ൽ തന്നെ Presentation Round-ഉം ഉൾപ്പെടുത്തി Evaluation നടത്തേണ്ടിയിരുന്നതും 2nd Stage-ൽ Financial Capability (Prize Bid Open) ചെയ്യേണ്ടതുമായിരുന്നു. ടി നടപടിക്രമമാണ് KSEB-യും മറ്റ് സർക്കാർ വകുപ്പുകളും Tender നടപടിക്രമങ്ങളിൽ അനുവർത്തിച്ച് വരുന്നതെന്ന് എന്റെ അന്വേഷണത്തിലും W-5 നൽകിയ മൊഴിയിൽ നിന്നും വ്യക്തമാണ്. അല്ലാത്തപക്ഷം Bidder Quate ചെയ്തിട്ടുള്ള Prize Bid മറ്റ് Tender നടപടികൾ പൂർത്തിയാകുന്നതിന് മുൻപ് തന്നെ Bidder-മാർ അറിയുന്നതിനും ആയത് ഇതിലെ പരാതിക്കാരൻ സൂചിപ്പിച്ചത് പോലെ ടെൻഡർ സുതാര്യമല്ലാതാകുന്നതിനും Vested Interest-ഓ സ്വജനപക്ഷപാതമോ ഉണ്ടാകുന്നതിന് ഇടയാക്കുന്നതും അനാവശ്യമായ ആരോപണങ്ങൾ ക്ഷണിച്ച് വരുത്തുന്നതുമാകുന്നു.

KHTC പുറപ്പെടുവിച്ച ടി tender ഗവൺമെന്റിന്റെ www.etenders.kerala.gov.in എന്ന website-ൽ publish ചെയ്തിട്ടുള്ളതും എല്ലാ Government Tender നടപടികളും CVC മാനദണ്ഡങ്ങൾക്കും Circular-കൾക്കും Guidelines-നും, വിധേയമായിട്ടുള്ളതുമാണ്. എന്നാൽ Director അറിയിച്ച പ്രകാരം KHTC CVC മാനദണ്ഡങ്ങൾക്ക് വിധേയമാണോ എന്ന് വ്യക്തത വരുത്തേണ്ടതായിട്ടുണ്ട്.

ഇതിലെ പരാതിക്കാരൻ അനിൽകുമാർ കായാക്കിങ്, കുട്ടവഞ്ചി തുടങ്ങിയ Water Sports ഇനത്തിൽ KHTC 2022-ൽ പുറപ്പെടുവിച്ച Tender No.11/KHTC/HQ/2022-23-ൽ പങ്കെടുത്തിട്ടുള്ളയാളും KHTC-യുടെ Negotiation അംഗീകരിക്കാത്തതിനാൽ ടി Tender-ൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ളയാളും ആകുന്നു. തുടർന്ന് ടിയാൻ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ടി Tender നടപടികൾക്കെതിരെ WP (C) No.28293/2022 ആയി ഹർജി നൽകിയിട്ടുള്ളതും 01.12.2022-ലെ

ഉത്തരവിലൂടെ ടി Tender-ലെ Selection Process-ൽ കോടതി ഇടപെടുന്നില്ലെന്നും Petitioner-ക്ക് Civil Remedies തേടുന്നതിന് അവകാശമുണ്ടെന്നും സൂചിപ്പിച്ച് ടി petition dismiss ചെയ്തിട്ടുള്ളതും തുടർന്ന് ടിയാൻ ടി tender process-നെതിരെ വീണ്ടും WP(C) No.20018/2023 ആയി മറ്റൊരു Petition File ചെയ്തിട്ടുള്ളതും ആയതിന്മേൽ KHTC Director Affidavit file ചെയ്തിട്ടുള്ളതും **(Exbt.O)** ആയത് ബഹുമാനപ്പെട്ട കോടതിയുടെ പരിഗണനയിലും ആകുന്നു. ടിയാൻ പത്രമാധ്യമങ്ങളിലൂടെ KHTC–യ്ക്കെതിരെ വാർത്തകൾ പ്രചരിപ്പിച്ചതിനാൽ 22.01.2024-ലെ 15-)o Executive Committee-യുടെ അജണ്ട 15.5 തീരുമാനപ്രകാരം ടിയാനെ 07.05.2024-ൽ KHTC Director Black List ചെയ്തിട്ടുള്ളതിനാൽ ടിയാന് 09.07.2024-ലെ Tender No.2/KHTC/HQ/2024-25 എന്ന e-tender-ൽ പങ്കെടുക്കാൻ ഇടയായിട്ടില്ലാത്തതാണ്. ടി Tender –ഉം ആയി ഇതിലെ പരാതിക്കാരന് യാതൊരു ബന്ധവും ഇല്ലെങ്കിലും ടി Tender-ന്റെ നടപടിക്രമങ്ങളിൽ Evaluation Round-ൽ അപാകതകൾ ഉണ്ടായിട്ടുള്ളതായി അന്വേഷണത്തിൽ വെളിവായിട്ടുള്ളതാണ്.

**X. ശുപാർശ**

(1) KHTC മാട്ടുപ്പെട്ടി ഡാമിൽ 30 മുതൽ 50 വരെയുള്ള Passengers-ന് Capacity ഉള്ള Petrol/Electric Boat 2024-26 കാലയളവിൽ Operation നടത്തുന്നതിന് വേണ്ടി Revenue Share Basis-ൽ വിളിച്ച ആരോപണവിധേയമായ Tender No.2/KHTC/HQ/2024-25 Dated 09.07.2024-ൽ Tender Conditions-ന് വിരുദ്ധമായി നിരവധി പൊരുത്തക്കേടുകളും സുതാര്യത കുറവും കണ്ടെത്തിയിട്ടുള്ളതിനാൽ ടി ടെൻഡർ പുന പരിശോധിക്കേണ്ടതും Re-Tender ചെയ്യേണ്ടതുമാകുന്നു.

(2) Central Vigilance Commission-ന്റെ Guideline-കൾക്കും Circular-കൾക്കും അനുസൃതമായാണ് എല്ലാ ഗവൺമെന്റ് ടെൻഡറുകളും, KSEBL Tender-കളും അനുവർത്തിച്ച് വരുന്നതെന്നതിനാൽ KHTC പുറപ്പെടുവിക്കുന്ന 5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള E-Tender –കൾ ഗവൺമെന്റിന്റെ www.etenders.kerala.gov.in എന്ന

website-ൽ publish ചെയ്തിട്ടുള്ളതിനാൽ KHTC പുറപ്പെടുവിക്കുന്ന e-tender മാനദണ്ഡങ്ങൾക്ക് വിധേയമാണോ എന്ന് ലീഗൽ അഡ്വൈസറി & ഡിസിപ്ലിൻ എൻക്വയറി ഓഫീസർ (LA & DEO) കൊണ്ട് പരിശോധിക്കേണ്ടതാണ്.

(3) KHTC പുറപ്പെടുവിച്ചിട്ടുള്ള ടി E-Tender Document-ൽ Clause 4.1 Evaluation Criteria-ൽ പറഞ്ഞിട്ടുള്ള Stage – I-ൽ തന്നെ Technical Evaluation Round-ഉം, Presentation Round-ഉം ഉൾപ്പെടുത്തേണ്ടതും Stage-II-ൽ Financial Capability Round ആയ opening of Bid Prize ഉൾപ്പെടുത്തേണ്ടതുമാകുന്നു. ആയത് Tender കൂടുതൽ വിശ്വാസ്യതയും സുതാര്യതയും ഉണ്ടാകുന്നതിന് ഇടയാക്കാവുന്നതാണ്.

(4) Tender-ൽ പങ്കെടുക്കുന്ന Bidders നൽകുന്ന Boat-കളുടെ Technical Evaluation-ഉം Presentation Round-ഉം, Port Department-ലെ ഉദ്യോഗസ്ഥരെക്കൊണ്ട് evaluate ചെയ്യിക്കമ്പോൾ ടി ഉദ്യോഗസ്ഥരെക്കൊണ്ട് തന്നെ Mark ഇടീക്കേണ്ടതും Video Presentation നടത്തുമ്പോൾ എല്ലാ Bidder-നെയും ഒരുമിച്ച് പങ്കെടുപ്പിച്ച് ഓരോ Bidder-മാരുടേയും Presentation നടത്തേണ്ടതും Minutes-ൽ ടി ഉദ്യോഗസ്ഥൻ കൂടി ഒപ്പ് വെയ്ക്കേണ്ടതുമാകുന്നു.

(5) Tender –ൽ പങ്കെടുത്ത എല്ലാ Bidder-മാർക്കും നിർബന്ധമായും Score Sheet നൽകേണ്ടതും ആയത് നൽകുമെന്ന് Tender Condition-ൽ പറഞ്ഞിരിക്കേണ്ടതുമാകുന്നു.

(6) Clause 4.1-ൽ പറഞ്ഞിട്ടുള്ള Table-ൽ കൂടുതൽ വ്യക്തത വരുത്തേണ്ടതും ഓരോ Item-ത്തിനും നൽകുന്ന Score ഓരോ Bidder-ക്കും ലഭിയ്ക്കുന്ന Mark മറ്റ് Bidder –നെക്കാൾ എപ്രകാരമാണ് കൂടുതലായി ലഭിച്ചിട്ടുള്ളതെന്ന് താരതമ്യം ചെയ്ത് Mark നൽകേണ്ടതും ആയതിനുള്ള Evaluation Back File KHTC HQ's-ൽ സൂക്ഷിക്കേണ്ടതുമാകുന്നു.

(7) ഇതേ സംഗതിയ്ക്ക് KHTC നൽകിയ മുൻ Tender-ൽ (Tender No.11/KHTC/HQ/2024-25)ൽ 20.08.2022 മുതൽ 05.10.2024 വരെ KHTC-യ്ക്ക് 3,23,98,425/- രൂപ ലാഭവിഹിതം ലഭിച്ചിട്ടുള്ളതും നിലവിൽ നൽകിയിട്ടുള്ള Tender പ്രകാരം 06.10.2024 മുതൽ 18.10.2024 വരെ 2,92,630/- രൂപയുടെ ലാഭവിഹിതമാണ് KHTC-യ്ക്ക് ലഭിച്ചിട്ടുള്ളതെന്നത് കണക്കിലെടുത്താൽ 2 വർഷം പൂർത്തിയാക്കുന്ന മുറയ്ക്ക് KHTC-യ്ക്ക് ലാഭവിഹിതത്തിൽ കോടികളുടെ നഷ്ടമുണ്ടാകുമോ എന്ന വസ്തുത പരിശോധിക്കേണ്ടതാണ്.

(8) ടി Tender നടപടിക്രമങ്ങളുടെ പൂർണ്ണ ഉത്തരവാദിത്വം KHTC Director – ക്കായതിനാൽ ടിയാനിൽ നിന്നും വിശദീകരണം വാങ്ങി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ടി ശുപാർശകളിന്മേൽ ഈ റിപ്പോർട്ട് അനന്തരനടപടികൾക്കായി സമർപ്പിച്ചു കൊള്ളുന്നു.

**XI.അന്വേഷണ ഉദ്യോഗസ്ഥന്റെ തീയതിയോടു കൂടിയ ഒപ്പം, ഔദ്യോഗിക വിലാസവും**

വിശ്വസ്തതയോടെ,

26-10-24

**ഷാനിഹാൻ.എ.ആർ**
**ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് &**
വിജിലൻസ് ഓഫീസർ II,
കെ.എസ്.ഇ.ബി ലിമിറ്റഡ്,
പട്ടം. തിരുവനന്തപുരം.

**ഉള്ളടക്കം ചെയ്ത രേഖകൾ**

1. **അന്വേഷണ റിപ്പോർട്ട്**
2. **പരാതിയുടെ പകർപ്പ്.**
3. **മൊഴികൾ**
4. **Exbt.A to O.**

Passenger Boat file.

# KERALA HYDEL TOURISM CENTRE

*(A VENTURE BY KSEB LTD)*

Hydel Tourism
a venture by KSEB

CABIN NO: 426, 4TH FLOOR, VYDHYUTHI BHAVANAM, PATTOM
THIRUVANANTHAPURAM - 695 004
Phone- 0471- 2553840, 2514209
website: www.keralahydeltourism.com E-mail:khtc.kseb@gmail.com,dirkhtc@kseb.in

No. KHTC/HQ/DB-2/2025-26/315 Date: 7.11.2025

To

The Chief Vigilance Officer
KSEB Ltd

Sir,

Sub: Allegations pertaining to the e-tender No.2/KHTC/HQ/2024-25, Dated 09.07.2024 issued by Kerala Hydel Tourism Centre- remarks on recommendations called for- reg

Ref : (1) Enquiry report submitted by the Vigilance wing, dated: 26.10.2024
Note No: VIG/A2/100-310/2024, dated: 16.12.2024.

Your kind attention is invited to the subject and reference cited above. As per the reference, after examining the recommendations in the enquiry report, the following is hereby notified:

1. As per the recommendations of the enquiry report, it has been informed that due to a lack of transparency found in the tender process, a re-examination should be conducted and should be re-tendered. Since the awarded contract is valid only for a period of two years, and the contractor has been carrying out the work satisfactorily, while this organization is also deriving considerable benefit from the operation. However, the recommendations of the Vigilance Department will be taken in the right spirit. Moreover, all tenders published by KHTC are being issued strictly in accordance with the vigilance recommendations.

2. All tender criteria stipulated by KSEBL have been duly complied with by KHTC.

3. After the recommendation, the tenders were still invited using the two-cover system for the required tenders. That is, Stage 1 consisted of the technical evaluation and presentation, and Stage 2 followed the procedure of opening the bid price.

4. These requirements are now being strictly adhered to in all tendersundertaken in compliance with this standard.

5. The score sheet is usually uploaded on the e-tender site.

6. The score sheet prepared is already a comparative statement, and it is always kept as a back file at the KHTC Headquarters.

7. As per the procedures, it is required to invite a new tender at the end of each tender period. The profit and loss of KHTC depends on various factors, and it is not related to the tender.

In accordance with the reference and the recommendations received from the Vigilance, the above-mentioned facts are presented here.

Yours faithfully,

Harshif.
15/11/25

**Director**

**KHTC**

OFFICE OF THE DIRECTOR KERALA HYDEL TOURISM CENTRE VYDYUTHI BHAVANAM PATTOM, TRIVANDRUM-4 0471-2553840

F/c